# ന്യൂനപക്ഷ വിദ്യാർഥികൾക്ക് 20,000 സ്കോളർഷിപ്പുകൾ, അവസാന തീയതി സെപ്റ്റംബർ 30!

**ഇന്ത്യയിലെ** ന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ച് മുസ്‌ലിംകളെ മയക്കിക്കിടത്താൻ ഇപ്പോഴും പൊള്ളയായ വാഗ്ദാനങ്ങൾ മതി എന്ന് കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങൾ മനസ്സിലാക്കിവെച്ചിട്ടുണ്ട്. മധുരം പുരട്ടിയ കുറേ പ്രഖ്യാപനങ്ങൾ നടത്തേണ്ട കാര്യമേയുള്ളൂ. അവരതിൽ അഭിരമിച്ചുകൊള്ളും. പ്രഖ്യാപനങ്ങൾക്ക് കർമപദ്ധതികളുണ്ടോ, അവ നടപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് പ്രത്യേകം ഉത്തരവുകൾ നൽകിയിട്ടുണ്ടോ എന്നൊന്നും ഒരു മുസ്‌ലിം സംഘടനയും ചികഞ്ഞന്വേഷിക്കാൻ വരില്ല. ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ന്യൂനപക്ഷ വിഭാഗങ്ങളിൽപെടുന്ന 20,000 വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുമെന്ന കേന്ദ്ര സർക്കാറിന്റെ പ്രഖ്യാപനം. ഇത് നടപ്പാക്കേണ്ടത് അതത് സംസ്ഥാന ഗവൺമെന്റുകളാണ്. സാമ്പത്തിക ബാധ്യത നൂറു ശതമാനവും കേന്ദ്ര ഗവൺമെന്റ് വഹിക്കും.

സച്ചാർ കമീഷൻ റിപ്പോർട്ടിന്മേലുള്ള തുടർനടപടിയാണ് സ്കോളർഷിപ്പ് പ്രഖ്യാപനം. ഓരോ സംസ്ഥാനത്തെയും ന്യൂനപക്ഷ ജനസംഖ്യയും അവരുടെ സാമ്പത്തിക, വിദ്യാഭ്യാസ നിലയും കണക്കിലെടുത്താണ് സംസ്ഥാനങ്ങൾക്ക് നൽകേണ്ട സ്കോളർഷിപ്പുകളുടെ എണ്ണം നിശ്ചയിച്ചിരിക്കുന്നത്. ഇതുപ്രകാരം കേരളത്തിന് ലഭിക്കേണ്ടത് 1469 സ്കോളർഷിപ്പുകളാണ്. 830 മുസ്‌ലിംകൾക്കും 639 ക്രിസ്ത്യാനികൾക്കും. എല്ലാ സംസ്ഥാനങ്ങളിലും ഇതിന്റെ മുഖ്യ ഗുണഭോക്താക്കൾ മുസ്‌ലിംകളാണ്. ഈ വർഷം മുതൽ സ്കോളർഷിപ്പ് തുക കൊടുത്ത് തുടങ്ങേണ്ടതാണ്. ഇതു സംബന്ധമായ അറിയിപ്പൊന്നും കേന്ദ്രത്തിൽനിന്ന് കിട്ടിയിട്ടില്ലെന്നാണ് സംസ്ഥാനത്തെ ബന്ധപ്പെട്ടവർ അറിയിച്ചതെന്ന് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറം ഫോർ ഫെയ്ത്ത് ആന്റ് ഫ്രാറ്റേണിറ്റി(fffkochi@yahoo.com) യുടെ സെക്രട്ടറി ഡോ. കെ.കെ ഉസ്മാൻ പറഞ്ഞു. കൂടുതൽ അന്വേഷിച്ചപ്പോൾ സെപ്റ്റംബർ 30-ന് അപേക്ഷ കൊടുക്കാൻ നിർദേശിച്ചുവത്രെ. രണ്ടാഴ്ചക്കകം എങ്ങനെയാണ് വിവരം വിദ്യാർഥികളെ അറിയിക്കുക? എങ്ങനെ അപേക്ഷിക്കണം എന്ന് വ്യക്തതയില്ലാതെ അറിയിച്ചിട്ടും ഫലമെന്ത്?

ന്യൂനപക്ഷങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതികളത്രയും ഇതുപോലെ ഉദ്യോഗസ്ഥവൃന്ദം ആസൂത്രിതമായി ഒരുക്കുന്ന ചുവപ്പുനാടയിൽ കുരുങ്ങുകയാണ്. കേന്ദ്ര ഗവൺമെന്റിനാണെങ്കിൽ പ്രഖ്യാപനം നടത്തുന്നതിനപ്പുറം യാതൊരു ശുഷ്കാന്തിയുമില്ല. പറയാനും അന്വേഷിക്കാനും ഗുണഭോക്താക്കളാകേണ്ടവർ വരികയുമില്ല. ഈ അനുകൂലാവസ്ഥ പദ്ധതികൾ നടപ്പാക്കാൻ ബാധ്യസ്ഥരായവർ മുതലെടുക്കുകയാണെന്നു വേണം അനുമാനിക്കാൻ. ഇക്കാര്യത്തിൽ മുസ്‌ലിംകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ ജാഗ്രത കാണിക്കണം. ■

# 'റാംപൂരിലെ ധീരമാതാവ്''

**റാംപൂരിലെ** ധീരമാതാവാണ് ബീയുമ്മ എന്ന ആബിദാ ബീഗം. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ തീപ്പന്തങ്ങളായിരുന്ന മൗലാനാ മുഹമ്മദ് അലിയുടെയും ശൗക്കത്ത് അലിയുടെയും മാതാവ്. ഇംഗ്ലീഷ് പഠിക്കുന്നവൻ നരകത്തിൽ പോകും എന്ന് യാഥാസ്ഥിതിക വിഭാഗം ഫത്‌വ ഇറക്കിയിരുന്ന കാലത്ത് എല്ലാ എതിർപ്പുകളെയും അവഗണിച്ച് ബീയുമ്മ തന്റെ മക്കളെ അലീഗഢിലും പിന്നെ യൂറോപ്പിലും അയച്ച് പഠിപ്പിച്ചു.

ഈ ധീരയായ മാതാവും അവരുടെ രണ്ട് മക്കളും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് പകർന്ന ഉത്തേജനം പുതിയ തലമുറക്ക് അറിയില്ല. അത് ലളിതമായി പറഞ്ഞുകൊടുക്കാനുള്ള ശ്രമമാണ് പി.വി യാസിറും ജാവേദ് അസ്‌ലമും സംവിധാനം ചെയ്യുന്ന The Brave Mother of Rampur എന്ന സിനിമ. ദൽഹി ജാമിഅ മില്ലിയ്യയിലെ YASWED VISION ആണ് ചിത്രം നിർമിക്കുന്നത്.

പഴയ ദൽഹിയിലും പരിസരത്തുമായി ചിത്രീകരിക്കുന്ന സിനിമ 2008 ജനുവരിയിൽ പ്രദർശനത്തിനെത്തുമെന്ന് സംവിധായകരിൽ ഒരാളായ പി.വി യാസിർ പറഞ്ഞു. ഉർദുവിലാണ് സംഭാഷണം. ഇംഗ്ലീഷ് സബ് ടൈറ്റിലുകൾ നൽകും. നഫീസ അലി, മാലശ്രീ ഹശ്മി, പ്രഫ. മുശീറുൽ ഹസൻ തുടങ്ങിയ പ്രമുഖർ സംരംഭവുമായി സഹകരിക്കുന്നുണ്ട്. പശ്ചാത്തല വിവരണത്തിന് പ്രശസ്ത നടൻ ഓം പുരി ശബ്ദം നൽകും.

ശൈഖ് മുഹമ്മദ് കാരകുന്ന് മലയാളത്തിലെഴുതിയ 'ഇരുപത് സ്ത്രീരത്നങ്ങൾ' എന്ന പുസ്തകത്തിൽ ആബിദ ബീഗത്തെക്കുറിച്ച് വന്ന അധ്യായത്തെ ആസ്പദിച്ചാണ് തിരക്കഥ തയാറാക്കിയിരിക്കുന്നത്. ■

# ജനാധിപത്യം ഇസ്‌ലാമിസ്റ്റുകളുടെ രാഷ്ട്രീയ ആയുധമാവുമ്പോൾ

**"രാഷ്ട്രീയ** ഇസ്‌ലാം അതിന്റെ കുതിപ്പ് തുടരുകയാണ്. അത്ഭുതം എന്തെന്നു വെച്ചാൽ, അത് സംഭവിക്കുന്നത് ബോംബിലൂടെയല്ല, ബാലറ്റ് പെട്ടിയിലൂടെയാണ്. ഇസ്‌ലാമിസ്റ്റുകൾ ജനാധിപത്യപ്രക്രിയയുടെ അടുത്തേക്കൊന്നും വരില്ല എന്നായിരുന്നു അമേരിക്കയിലെ നവയാഥാസ്ഥിതികർ നമ്മെ പറഞ്ഞ് വിശ്വസിപ്പിച്ചത്. സംഭവിക്കുന്നത് മറിച്ചാണ്. ലബനാൻ, ഇറാഖ്, ഇറാൻ, ഫലസ്ത്വീൻ, പാകിസ്താൻ, ഈജിപ്ത്, തുർക്കി, അൾജീരിയ ഇവിടങ്ങളിലെല്ലാം ജനങ്ങൾ കൂട്ടത്തോടെ മതപാർട്ടികൾക്ക് വോട്ട് നൽകുകയാണ്. എവിടെയെല്ലാം ഗവൺമെന്റുകൾക്ക് അമേരിക്കയുമായി അടുത്ത ബന്ധമുണ്ടോ അവിടെയെല്ലാം ഇസ്‌ലാമിസ്റ്റുകൾ പ്രത്യേകമായി തങ്ങളുടെ ശക്തിസാന്നിധ്യമറിയിക്കുന്നു"- 'ദ ലാസ്റ്റ് മുഗൾ: ദ ഫാൾ ഓഫ് എ ഡൈനസ്റ്റി' എന്ന കൃതിയിലൂടെ പ്രശസ്തനായ വില്യം ഡാൽറിംബ്ൾ *ഹിന്ദു* ദിനപത്രത്തിൽ (22.9.2007) എഴുതിയ ലേഖനത്തിന്റെ ആദ്യ ഖണ്ഡികയാണിത്. വേൾഡ് ട്രേഡ് സെന്ററിന് നേരെയുള്ള ഭീകരാക്രമണത്തിന് ആറു വർഷം പിന്നിടുമ്പോൾ ലോകരാഷ്ട്രീയത്തിൽ വന്ന മാറ്റങ്ങൾ വിശകലനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭീകരസംഘങ്ങളിൽ മാത്രം കണ്ണ് നട്ട് നിൽക്കുകയായിരുന്നു ഇതുവരെ പാശ്ചാത്യ മീഡിയ. നവയാഥാസ്ഥിതികരുടെ തലതിരിഞ്ഞ വ്യാഖ്യാനമാണ് ഇതിന് നിമിത്തമായത്. മുസ്‌ലിംലോക രാഷ്ട്രീയത്തിലെ മുഖ്യധാരയിൽ എന്താണ് സംഭവിക്കുന്നതെന്ന് അങ്ങനെ അവർക്ക് കാണാൻ കഴിയാതെപോയി. ഈജിപ്തിലും പാകിസ്താനിലും മതകക്ഷികൾ അവരുടെ വോട്ടും സീറ്റും ഇരട്ടിയിലധികം വർധിപ്പിച്ചു.

പശ്ചിമേഷ്യയിൽ ജനാധിപത്യം കൊണ്ടുവരാനുള്ള ബുഷ് ഭരണകൂടത്തിന്റെ ശ്രമം ഉദ്ദേശിച്ചതിന് നേർ വിപരീത ഫലമാണ് ഉണ്ടാക്കിയത്. ഈ അവസരം ഉപയോഗിച്ച് അവിടത്തെ ജനത തങ്ങളെ പതിറ്റാണ്ടുകളായി ഭരിച്ചുകൊണ്ടിരിക്കുന്ന അഴിമതിയിൽ മുങ്ങിയ ഏകാധിപത്യ ഭരണകൂടങ്ങൾക്കും ദേശീയ കക്ഷികൾക്കുമെതിരെ തിരിഞ്ഞു. ജനം ലിബറൽ സെക്യുലർ കക്ഷികൾക്കൊപ്പം നിൽക്കും എന്ന് അമേരിക്ക പ്രതീക്ഷിച്ചു. സംഭവിച്ചത്: അമേരിക്കൻ അധിനിവേശത്തെ ചെറുക്കുന്ന പാർട്ടികളോടൊപ്പം ജനം നിന്നു. ഫലസ്ത്വീൻ തെരഞ്ഞെടുപ്പിൽ അതാണ് കണ്ടത്.

ഇപ്പോൾ അമേരിക്ക പശ്ചിമേഷ്യയിൽ ജനാധിപത്യം വേണ്ട എന്ന നിലപാടിലാണ്. അത് ഈജിപ്തിലെ ഹുസ്നി മുബാറകിനെപ്പോലുള്ള ഏകാധിപതികൾക്ക് അനുഗ്രഹമായി. ഇഖ്‌വാൻ നേതാക്കളെയും അവരെ സാമ്പത്തികമായി സഹായിക്കുന്നവരെയും മുബാറക് യാതൊരു ദാക്ഷിണ്യവുമില്ലാതെ അടിച്ചൊതുക്കിയിട്ടും അമേരിക്ക കമ എന്നു മിണ്ടുന്നില്ല. ഇത്തരം വികലനയങ്ങൾ തിരുത്തണമെന്നാണ് ഡാൽറിംബ്ൾ ആവശ്യപ്പെടുന്നത്. രാഷ്ട്രീയ ഇസ്‌ലാം ഒരു യാഥാർഥ്യമായിക്കഴിഞ്ഞു. ഇസ്‌ലാമിസ്റ്റുകൾ നിലനിൽക്കുന്നില്ല എന്ന മട്ടിലുള്ള ഒഴിഞ്ഞുമാറ്റം പ്രശ്നത്തിന് പരിഹാരമല്ല. ഇസ്‌ലാമിസ്റ്റുകളുമായി അമേരിക്ക സംസാരിക്കാൻ തയാറാകണമെന്നും ആരുമായൊക്കെ സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുമെന്ന് കണ്ടെത്തണമെന്നും നിർദേശിച്ചുകൊണ്ടാണ് ലേഖനം അവസാനിക്കുന്നത്. ■

# *പ്രബോധനം* ഇൻഡക്സ്

**അരനൂറ്റാണ്ടിലേറെ** കാലമായി *പ്രബോധനം* സ്ഥിരമായി മലയാളികളുടെ കൈകളിലെത്തുന്നു. ഇസ്‌ലാമിക പ്രസ്ഥാനം നിരോധിക്കപ്പെട്ട കാലങ്ങളിൽ മാത്രമാണ് അതിന് മുടക്കമുണ്ടായത്. 1949 ആഗസ്റ്റ് ഒന്നിന് പ്രതിപക്ഷ പത്ര(ദ്വൈവാരിക)മായിട്ടായിരുന്നു തുടക്കം. 1964 സെപ്റ്റംബർ 15 വരെ ഈ നില തുടർന്നു. ദ്വൈവാരികയായി പന്ത്രണ്ട് ലക്കങ്ങളുള്ള 25 പുസ്തകങ്ങൾ പുറത്തിറങ്ങി. 1964 ഡിസംബർ 3 മുതലാണ് ടാബ്ലോയിഡ് മാതൃകയിൽ വാരികയായി *പ്രബോധനം* പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. ടാബ്ലോയിഡ് മാതൃക ഒഴിവാക്കി ഇന്നത്തെ രീതിയിൽ പുറത്തിറങ്ങാൻ തുടങ്ങിയത് 1987 മെയ് 16 മുതൽ.

അടിയന്തരാവസ്ഥയിലും ബാബരി മസ്ജിദ് തകർക്കപ്പെട്ട ശേഷവും *പ്രബോധനം* നിരോധിക്കപ്പെടുകയുണ്ടായി. അടിയന്തരാവസ്ഥ കാലത്ത് 1976 മെയ് മുതൽ 1977 ഏപ്രിൽ വരെ *ബോധനം ഇസ്‌ലാമിക് ഡൈജസ്റ്റ്* എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. 1993 മെയ് 8 മുതൽ 1994 സെപ്റ്റംബർ 24 വരെ *ബോധനം* വാരികയാണ് പുറത്തിറങ്ങിയത്. 1964 ഒക്ടോബർ 15 മുതൽ 1987 മാർച്ച് വരെ കനപ്പെട്ട ലേഖനങ്ങൾ ഉൾക്കൊള്ളുന്ന *പ്രബോധനം* മാസികയും പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

ഈ ലക്കങ്ങളുടെ ഇൻഡക്സ് ഇപ്പോൾ *പ്രബോധനം* സൈറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പഴയ വാള്യങ്ങൾ കോഴിക്കോട് വെള്ളിമാടുകുന്നിലെ ഡാറ്റാ ബാങ്കിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ 1977 ഡിസംബർ 31 മുതൽ 1978 ഡിസംബർ 23 വരെയുള്ള വാരികയുടെ ലക്കങ്ങൾ ബൈൻഡ് ചെയ്ത പുസ്തകവും *ബോധനം ഇസ്‌ലാമിക് ഡൈജസ്റ്റി*ന്റെ 1976 നവംബർ മുതൽ 1977 ഏപ്രിൽ വരെയുള്ള ലക്കങ്ങളും നഷ്ടപ്പെട്ടിരിക്കുന്നുവെന്നും ആ കാലയളവിലെ ലക്കങ്ങൾ കൈവശമുള്ളവർ അയച്ചുതന്ന് സഹകരിക്കണമെന്നും *പ്രബോധനം* സൈറ്റ് വെബ് മാസ്റ്റർ അഭ്യർഥിച്ചു. ■